# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നം.944

06.06.2018-ൽ മറുപടിയ്ക്ക്

## സർക്കാർ വക സിനിമ തീയേറ്ററുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ടി.ബൽറാം<br>ശ്രീ.പി.ടി.തോമസ് | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് സർക്കാർ അധീനതയിൽ പുതുതായി സിനിമ തീയേറ്ററുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നോർത്ത് പറവൂരും ചിറ്റൂരുമുള്ള ചിത്രാഞ്ജലി തീയേറ്ററുകൾ നവീകരിച്ച് കൈരളി, ശ്രീ എന്നപേരിൽ രണ്ട് തീയേറ്ററുകളാക്കി മാറ്റിയിട്ടുണ്ട്. ഫലത്തിൽ രണ്ട് തീയേറ്ററുകൾ പുതുതായി ആരംഭിച്ചിട്ടുണ്ട്. |
| (ബി) സംസ്ഥാനത്ത് കൂടുതൽ സ്ഥലങ്ങളിൽ സർക്കാർ അധീനതയിൽ പുതുതായി സിനിമ തീയേറ്ററുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) കിഫ്ബിയിൽ നിന്നും 100 കോടി രൂപ കണ്ടെത്തി ചലച്ചിത്രങ്ങളുടെ പ്രദർശനത്തിനായി കേരളത്തിലുടനീളം 100 തീയേറ്ററുകൾ സ്ഥാപിക്കുന്നതിന് സർക്കാർ പദ്ധതിയിട്ടിട്ടുണ്ട്. ടി തുക വിനിയോഗിച്ച് ആദ്യഘട്ടത്തിൽ 14 സ്ഥലങ്ങളിൽ തീയേറ്ററുകൾ നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നു വരുകയാണ്. |

സെക്ഷൻ ഓഫീസർ